# ഛായ

എം. എൻ.  കാരശ്ശേരി



ഛായ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.


The studio mirror, a painting by Charles Martin Hardie (1858–1916). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഛായ

മനുഷ്യൻ ഛായയിൽ രമിക്കുന്നു. ഛായ താൻ തന്നെയാണ് എന്ന് അവന് തോന്നിപ്പോവുന്നു. നാർസിസസ്സിന്, പണ്ട് അത് വേണ്ടയളവിൽ മനസ്സിലായിരുന്നില്ല. ജലത്തിൽ കാണായ ആ ചാരുരൂപം തന്റെ തന്നെ പ്രതിച്ഛായയാണ് എന്ന് ആ യവനരാജാവ് വാസ്തവത്തിൽ തിരിച്ചറിയുകയുണ്ടായില്ല. പകരം അതേതോ കാമ്യമോഹന രൂപമാണെന്ന് ധരിച്ചുവശായി; അതിൽ കമ്പം പൂണ്ട്, ആധി പിടിച്ച് പ്രാണൻ കളഞ്ഞു. നാർസിസസ് ചിരംജീവിയാകുന്നു; ആത്മരതിയുടെ ആദിരൂപമാകുന്നു. കുറഞ്ഞതോ കൂടിയതോ ആയ അളവിൽ ഓരോ വ്യക്തിയിലും ആ യവനരാജാവ് ഉയിർക്കൊള്ളുന്നു.

വെള്ളത്തിലും കണ്ണാടിയിലും ചിത്രങ്ങളിലും ഇന്നും മനുഷ്യൻ അവനവനെ കണ്ടു രസിക്കുന്നു. അത് അവനവൻ തന്നെ എന്ന തിരിച്ചറിവിന് മൂപ്പെത്തിയിട്ടും സംഗതി കുറയുകല്ല, കൂടുകയാണ്. ഗ്രൂപ്പ് ഫോട്ടോയിൽ നാം വീണ്ടും വീണ്ടും കാണുന്നത് നമ്മുടെ തന്നെ ചിത്രമാണ്. ഗ്രൂപ്പ് ഫോട്ടോയിൽ നാം നമ്മുടെ ചിത്രം മാത്രമേ കാണുന്നുള്ളൂ എന്നും പറയാം.


വൈക്കം മുഹമ്മദ് ബഷീർ

പത്രത്തിൽ ചിത്രം അച്ചടിച്ചു വരുന്നത് എത്ര മേൽ ചാരിതാർത്ഥ്യകരം! വീഡിയോവിൽ സ്വന്തം ചലനങ്ങൾ കണ്ടിരിക്കുന്നതു പോലെ നിർവൃതി എവിടെ കിട്ടാനാണ്? ഫോട്ടോഗ്രാഫർ നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്രമായിരിക്കുന്നു. ഫോട്ടോ എടുത്തെടുത്ത് തന്റെ മുഖം തേഞ്ഞുപോയി എന്ന് വൈക്കം മുഹമ്മദ് ബഷീർ സങ്കടപ്പെടുന്നു.

നാം കല്ല്യാണം കഴിക്കുന്നത് അതിന്റെ ഫോട്ടോ എടുക്കാനാണ്; അതിന്റെ വീഡിയോഫിലിം സൂക്ഷിക്കാനാണ്. മാലയിടുമ്പോൾ ഫോട്ടോഗ്രാഫർക്ക് ഒരു 'സ്നാപ്പ്' കിട്ടിയില്ലെങ്കിൽ നാം വീണ്ടും മാലയിടും. തന്തയും തള്ളയും കല്യാണവേദിയിൽ ഇല്ലെങ്കിൽ കുഴപ്പമില്ല; ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും വേണം. കല്യാണം കഴിക്കുന്ന മുഹൂർത്തത്തിന് ആകപ്പാടെയുള്ള പ്രസക്തി പിന്നീട് കണ്ടു രസിക്കാനുള്ള രംഗം ഷൂട്ട് ചെയ്യാൻ സൗകര്യം തരുന്നു എന്നതു മാത്രമാകുന്നു.

കേരളീയജീവിതത്തിൽ എല്ലാ ചടങ്ങുകളുടെയും ചെലവ് ഏറിയിരിക്കുന്നു. സംഗതി: അതു വീഡിയോവിൽ പകർത്താൻ ആയിരങ്ങൾ വേണം! നമ്മുടെ ഗൾഫ് സഹോദരന്മാർ ജീവിക്കുന്നത് അനുഭവങ്ങളിലല്ല, ഫോട്ടോകളിലാണ്. ആൽബങ്ങളിലും വീഡിയോകാസറ്റുകളിലുമായി സ്വപ്നങ്ങളും സ്മരണകളും കൊണ്ടുനടക്കുകയാണവർ. എത്രമാത്രം പണം, എത്രമാത്രം സമയം ഇതിനായി ചെലവായിപ്പോകുന്നു!

തന്തയുടെയും തള്ളയുടെയും ശവസംസ്കാരത്തിന്റെ വീഡിയോ ഫിലിം സൂക്ഷിക്കുന്നിടത്തോളം കേരളത്തിൽ പൊങ്ങച്ചം വളർന്നെത്തിയിരിക്കുന്നു. അതു വീണ്ടും വീണ്ടും കണ്ടു "രസി"ക്കുന്ന മനസ്സിന്റെ വൈകൃതത്തെപ്പറ്റി ആലോചിക്കുന്ന ആർക്കാണ് ഛർദ്ദി വരാതിരിക്കുക?

പടിഞ്ഞാറൻ നാടുകളിൽ ഒരു പര്യടനം കഴിഞ്ഞ് ഈയിടെ തിരിച്ചെത്തിയ സുഹൃത്ത് പറഞ്ഞ വിവരം: അവിടെ കിടപ്പറ രംഗങ്ങൾ ഓട്ടോമാറ്റിക് യന്ത്രസംവിധാനം ഉപയോഗിച്ച് വീഡിയോവിൽ പകർത്തും. എന്നിട്ട് ഭാര്യയും ഭർത്താവും ഒന്നിച്ചിരുന്ന് കണ്ടുരസിക്കും! ആ വീഡിയോഫിലിം കാണുമ്പോഴാവാം ദമ്പതികൾ ശരിയായ ആനന്ദമൂർച്ഛ അനുഭവിക്കുന്നത് ആർക്കറിയാം? നീലച്ചിത്രങ്ങളുടെ വീഡിയോകാസറ്റ് കണ്ടാലേ രതിഭാവം ഉണരൂ എന്നിടത്തോളം കേരളത്തിലും കാര്യങ്ങൾ വഷളായി വരികയാണ്.

നാം നമ്മുടെ ജീവിതം ജീവിക്കുകയല്ല, അതിന്റെ കാണികളായി മാറി നില്ക്കുകയാണ്. നമ്മുടെ ജീവിതം നമുക്ക് ജീവിക്കാനുള്ളതല്ല, അന്യനായി നിന്നു കണ്ടുരസിക്കുവാനുള്ളതാണ്!

ഇത് ജീവിതമല്ല, ജീവിതത്തിന്റെ ഛായയാണ്. ഛായകളെപ്പറ്റിയും പ്രതിച്ഛായകളെപ്പറ്റിയും ആണ് രാഷ്ട്രീയത്തിലും സാഹിത്യത്തിലും നമ്മുടെ ബേജാറ്. നമുക്ക് ഒന്നിന്റെയും കാതൽ, ആത്മാവ് ആവശ്യമില്ല; ഛായ മതി. പ്രതിമകളിലും ഫോട്ടോകളിലും ഛായാചിത്രങ്ങളിലും നാം രാഷ്ട്രനേതാക്കളെയും കലാകാരന്മാരേയും ഒതുക്കിയിരിക്കുന്നു.

നമുക്കേറ്റവും പ്രിയംകരം നമ്മുടെ തന്നെ ഛായയാണ്. അങ്ങനെ നമ്മുടെ ആത്മരതി വളർന്നുകേറിക്കൊണ്ടിരിക്കുന്നു. നമുക്ക് മറ്റാരുടെ ഛായ കാണുന്നതിലും കമ്പം നമ്മുടെ ഛായ കാണുന്നതിലാണ്; ഏറ്റവും പ്രിയംകരം സ്വന്തം ശബ്ദം കേൾക്കുന്നതിലാണ്. എല്ലാ സംഭാവനകളുടെ പുറത്തും ഞാൻ എന്റെ പേര് കൊത്തിയിടുന്നു.

പിന്നെപ്പിന്നെ, കേരളീയരായ നാം ആത്മരതി കൂടുതലുള്ള സമൂഹമായി മാറിക്കൊണ്ടിരിക്കുകയാണ്. ആധുനികമായ ജീവിതസൗകര്യങ്ങൾ, കൂടിവരുന്ന സാമ്പത്തികസൗകര്യങ്ങൾ, ഇവ സൃഷ്ടിക്കുന്ന മാത്സര്യം—എല്ലാം ഈ ആത്മരതിക്ക് വളമായിത്തീരുന്നു. ഈ പുതിയ ജീവിതസാഹചര്യം നമ്മെ തൊട്ടടുത്തുള്ളവനിൽ നിന്ന് അകറ്റികളയുന്നു എന്നർത്ഥം.

ഗൾഫ് പണം നമ്മുടെ മാനസികജീവിതത്തെ ബാധിക്കുന്നതിന്റെ ദാരുണമായ ഉദാഹരണങ്ങളിൽ ഒന്ന് ഈ ആത്മരതിയാകുന്നു. നിങ്ങൾ നിങ്ങളിലേക്ക് ചുരുങ്ങുന്നു. പണവും പണംകൊണ്ടു വിലയ്ക്കുവാങ്ങാവുന്ന പുതിയ യന്ത്രസാമഗ്രികളും ഉണ്ടെങ്കിൽ മറ്റു മനുഷ്യരെ ഒട്ടും ആശ്രയിക്കാതെ നിങ്ങൾക്ക് ജീവിക്കാം. അലക്കാൻ യന്ത്രം, അരയ്ക്കാൻ യന്ത്രം, പൊടിക്കാൻ യന്ത്രം, നിങ്ങൾക്ക് ലോകവാർത്തകൾ പറഞ്ഞു തരാൻ റേഡിയോ. അവ കാണിച്ചുതരാൻ ടി. വി. അങ്ങനെയങ്ങനെ. അവനവന്റെ സ്വീകരണമുറിയിൽ തന്നെ എല്ലാം ലഭ്യമാണ്. മനുഷ്യന്റെ ചൂടും ചൂരും ഏല്ക്കാതെ നിങ്ങൾ ജീവിക്കുന്നു. നിങ്ങൾക്ക് ഏറ്റവും പ്രിയംകരനായ ജീവി നിങ്ങൾതന്നെയായി മാറുന്നു. ഞായറാഴ്ച നിങ്ങൾക്ക് ഒഴിവുദിവസമാണെങ്കിലും ടി. വി.-യിൽ കാര്യമായ പരിപാടികളുള്ള ആ ദിവസം സുഹൃത്തുക്കളോ ബന്ധുക്കളോ വീട്ടിൽ വന്നുകയറുന്നത് നിങ്ങൾക്കിഷ്ടമല്ല...

വാല്മീകി ഒരു ഛായാഗ്രഹണിയെപ്പറ്റി രാമായണത്തിൽ പറയുന്നുണ്ട്. അവൾ രാക്ഷസിയാണ് നിങ്ങളുടെ നിഴൽ പിടിക്കുന്നതിലൂടെ നിങ്ങളെ പിടിച്ചുനിർത്തുവാൻ അവൾക്കു കഴിയും! ശതകങ്ങൾ കഴിഞ്ഞു വന്നെത്തുവാനിരിക്കുന്ന ഒരാധുനികസമസ്യ എത്രയോ മനോഹരമായി ഋഷി കവി ആവിഷ്കരിക്കുന്നു: ഒടുക്കം അവളെ സംഹരിക്കുന്നത് ഹനുമാനാണ്. ലങ്കയിലേക്കു ചാടിയ ഘട്ടത്തിൽ വഴിമധ്യേ, സമുദ്രത്തിൽ വെച്ച് ആ രാക്ഷസി നിഴൽക്കുത്തു വഴി ഹനുമാനെ തടഞ്ഞുനിർത്തി. സംഗതി മനസ്സിലാക്കിയ മാരുതി ഇടതുകാൽ കൊണ്ടു ചവിട്ടി ഛായാഗ്രഹണിയുടെ കഥ കഴിച്ചു.

പുരാണങ്ങളിലും 'ഛായ'യെപ്പറ്റി പരാമർശങ്ങളുണ്ട്—അതും സ്ത്രീ തന്നെ. വിശ്വകർമ്മാവിന്റെ പുത്രിയായ സംജ്ഞയുടെ പ്രതിരൂപം. സംജ്ഞയ്ക്കു ഭർത്താവായ സൂര്യനിൽ നിന്ന് മനു, യമൻ, യമി എന്ന് മൂന്ന് സന്താനങ്ങളുണ്ടായി ഭർത്താവിന്റെ ചൂട് സഹിക്കാൻ നിവൃത്തിയില്ലാതെ അവൾ സ്വന്തരൂപത്തിൽ 'ഛായ' എന്ന മറ്റൊരു സ്ത്രീയെ സൃഷ്ടിച്ചു. ഭർത്താവായ സൂര്യന്റെ പരിചരണത്തിനു ഛായയെ ആക്കിയശേഷം സംജ്ഞ പിതാവിന്റെ അടുക്കലേക്കു പോയി. സൂര്യൻ പോലും ഈ സംഗതി ധരിച്ചില്ല. തന്നെ ശുശ്രൂഷിക്കുന്നത് സംജ്ഞയാണെന്നുള്ള ധാരണയിൽ സൂര്യന് ഛായയിൽ ശനി, സൗവർണ്ണമനു, തപതി എന്ന് മൂന്ന് മക്കളുണ്ടായി.

ഛായ താൻ പെറ്റ മക്കളെ കൂടുതൽ സ്നേഹിച്ചു. സംജ്ഞ പെറ്റവരിൽ പെട്ട യമൻ ഇതിൽ കുപിതനായി ഛായയെ ചവിട്ടാൻ കാലോങ്ങി. യമന്റെ കാല് കൊഴിഞ്ഞുപോകട്ടെ എന്ന് ഛായ ശപിച്ചു. യമൻ അച്ഛനോടു പരാതി പറഞ്ഞു. തന്റെ കൂടെയുള്ളത് യമനെ പ്രസവിച്ച സംജ്ഞ അല്ലായിരിക്കാം എന്നൊരു ചിന്ത അങ്ങനെയാണ് സൂര്യന് വരുന്നത്. അമ്മയുടെ ശാപം അനുസരിച്ച് കാലിന്റെ മാംസം താഴെ വീണ് കൃമികൾക്ക് ആഹാരമായി വരുമെന്നും യമൻ രക്ഷപ്പെടുമെന്നും അച്ഛൻ അനുഗ്രഹിച്ചു. അതിനുശേഷം സൂര്യൻ ഛായയുടെ നേർക്കു തിരിഞ്ഞു. സൂര്യന്റെ ക്രുദ്ധഭാവം കണ്ട് അവൾ എല്ലാം തുറന്നുപറഞ്ഞു. ഉടനെത്തന്നെ സൂര്യൻ അവളെ ഉപേക്ഷിച്ചു സംജ്ഞയെ തിരികെക്കൊണ്ടുവന്നു.


പ്രകാശത്തിന്റെ അധിദേവനായ സൂര്യഭഗവാനു പോലും ഛായയെ തിരിച്ചറിയാനാവുന്നില്ല; ആ പ്രകാശപ്രഭവത്തിന്റെ കൂടെപ്പോലും ഛായ പൊറുത്തുകളയുന്നു! അതുകൊണ്ടു വന്നുകൂടുന്ന ആപത്തുകളോ? ഛായയെ അവനവന് ബദലായി സങ്കല്പിക്കുന്ന ഏത് ആധുനിക മനുഷ്യനും ഉള്ള താക്കീത് ഈ പുരാണകഥയിൽ അടങ്ങിയിട്ടുണ്ട് എന്നു വിചാരിക്കണം: മറ്റുള്ളവരിൽ നിന്ന് അന്യനാകുന്നതിലൂടെ നിങ്ങൾ നിങ്ങളിൽ നിന്നു തന്നെ അന്യനാവുകയാണ്; മറ്റുള്ളവരിൽ നിന്ന് അകലുന്ന നിങ്ങൾ നിങ്ങളിൽനിന്നുതന്നെ അകലുകയാണ്; സ്വന്തം ജീവിതത്തിന്റെ ചൂടു താങ്ങാനാവാതെ അക്കാര്യം ഏതെങ്കിലും ഛായയ്ക്കു വിട്ടുകൊടുക്കുന്നതിലൂടെ നിങ്ങൾ ദുരന്തം വിലയ്ക്കു വാങ്ങുകയാണ്.

ഇന്ന് ഏതിനു നേരെയും ഒരു ചോദ്യം മനസ്സിലെങ്കിലും നേരത്തെ ചോദിക്കേണ്ടിവരുന്നു. ഇത് എന്റെ ജീവിതമോ, അതോ അതിന്റെ ഛായയോ?


പി. ടി. ഉഷ

നിങ്ങൾക്കു പി. ടി. ഉഷ ഓടുന്നത് നേരിൽ കാണണമെന്നില്ല, ടി. വി.-യിൽ കണ്ടാൽ മതി; ടി. വി.-യിൽ കാണണമെന്നില്ല, ചിത്രം കണ്ടാൽ മതി; ചിത്രം കാണണമെന്നില്ല, റേഡിയോ വാർത്ത കേട്ടാൽ മതി; വാർത്ത കേൾക്കണമെന്നില്ല, പത്രത്തിൽ വായിച്ചാൽ മതി; പത്രം വായിക്കണമെന്നില്ല, വല്ലവരും വായിക്കുന്നത് കേട്ടാൽ മതി; വായിച്ചുകേൾക്കണമെന്നില്ല, അതിന്റെ വിശദവിവരം വായിച്ച ആരെങ്കിലും പറഞ്ഞു കേട്ടാൽ മതി; അതും വേണമെന്നില്ല, ഉഷയ്ക്കു എത്രാം സ്ഥാനം എന്ന വിവരം മാത്രം കേട്ടാൽ മതി... നിങ്ങൾ ആ യഥാർത്ഥ്യത്തിൽ നിന്ന് പിന്നെപ്പിന്നെ അകന്നകന്നുപോകുന്ന ദൃശ്യം ഇക്കൂട്ടത്തിൽ ഇതിനേക്കാൾ പ്രധാനമായ കാര്യം: നിങ്ങൾ ഓടുന്നില്ല. ഓടുകയല്ല, ഓടുന്നതിന്റെ ഛായ കാണുകയാണ് നിങ്ങൾക്കു ജീവിതം! ഇനി അബദ്ധത്തിനു നിങ്ങൾ ഒന്നോടി എന്നു വെയ്ക്കുക ആ ഓട്ടം ഓടുമ്പോഴല്ല, ഓടിയതിന്റെ ഛായ പത്രത്തിലും ടി. വി.-യിലും തെളിയുമ്പോഴാണ് നിങ്ങൾ ആഹ്ലാദിക്കുന്നത്!

ആധുനിക ജീവിതസൗകര്യങ്ങളിലൂടെ കേരളീയരായ നാം മറ്റുള്ളവരിൽ നിന്ന് അകന്ന് പിന്നെപ്പിന്നെ ആത്മരതിക്കാരായി മാറികൊണ്ടിരിക്കുന്നു എന്നു ചുരുക്കം. ആ ആത്മരതിയുടെ നിലവിട്ട വളർച്ച ഇന്ന് നമുക്ക് ചുറ്റും മുറ്റിത്തഴയ്ക്കുന്ന ഛായാവനങ്ങളിൽ കാണാം.


നാരായണഗുരു

ഛായയുടെ അർത്ഥം അവനവനെ കണ്ടെത്താൻ സഹായിക്കുക എന്നതായിരുന്നു. ആ ഒരു താല്പര്യത്തിൽ നാരായണഗുരു പ്രതിഷ്ഠിച്ച കണ്ണാടി നാം സ്വീകരിച്ചു സ്വന്തം ഛായ കാണുകയും ചെയ്തു. ഛായയിലൂടെ അവനവനെ അന്വേഷിക്കുന്നതിനു പകരം അവനവനിലൂടെ ഛായയെ അന്വേഷിക്കുന്ന വശംതിരിഞ്ഞ ഒരു രീതിയും ഒപ്പം വളർന്നു വന്നു: കണ്ണാടിയിൽ എന്തും വശം തിരിഞ്ഞിരിക്കുമല്ലോ.

അങ്ങനെ നാം വീടുനിറയെ കണ്ണാടികൾ പ്രതിഷ്ഠിക്കുന്നു. ക്ഷൗരക്കടകളിലും ഹോട്ടലുകളിലും റെയിൽവേസ്റ്റേഷനുകളിലും പൊതുസ്ഥലങ്ങളിലും നാം കണ്ണാടികൾ പ്രതിഷ്ഠിക്കുന്നു. നമ്മുടെ ചുമരും വാതിലും എല്ലാം കണ്ണാടിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

ബാങ്ക്മെൻസ് ക്ലബ്ബ് സ്മരണിക: 1988.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.